(എ) തിരുവനന്തപുരത്ത് കിഴക്കേക്കോട്ടയിൽ ബസ്സ് സ്റ്റാന്റിനോട് ചേർന്നുള്ള കാർ പാർക്കിംഗ് യാത്രക്കാരുടെ സുരക്ഷയ്ക്ക് ഭീഷണിയുണ്ടാക്കുന്നതായ പരാതി പോലീസിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഇവിടെ കാർ പാർക്കിംഗിന് അനുമതി നൽകിയിട്ടുണ്ടോ;

(സി) യാത്രക്കാർ തിങ്ങി നിറഞ്ഞ് ബസ്സ് കാത്തു നിൽക്കുന്നിടത്ത് വാഹന പാർക്കിംഗ് അശാസ്ത്രീയമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ബസ്സ് കാത്തുനിൽക്കുന്ന യാത്രക്കാർക്ക് നിരന്തര ഭീഷണി ഉയർത്തുന്ന ഇവിടത്തെ വാഹന പാർക്കിംഗ് നിർത്തലാക്കാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 1.4.99 മുതൽ പാർക്കിംഗ് അനുവദിച്ചിട്ടില്ല.

(സി) യാത്രക്കാർ നിൽക്കുന്നിടത്ത് പാർക്കിംഗ് ഏർപ്പെടുത്തിയിട്ടില്ല.

(ഡി) ഉത്തരം (സി)യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

43 (2228) ടി.എസ്. കനാലിന്റെ വികസനം

ശ്രീ. എ. അലിഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ജലപാതയായ ടി.എസ്. കനാലിന്റെ വികസനത്തിനു വേണ്ടി കേന്ദ്ര സർക്കാരിന്റെ അനുവാദം ലഭിച്ചിട്ടുണ്ടോ;

(ബി) ഇതിലേക്ക് വേണ്ടിവരുന്ന തുക എത്രയാണ്;

(സി) നെടുങ്ങണ്ട മുതൽ നടയറ കായൽ വരെയുള്ള ഭാഗം വിപുലീകരിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും വേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര രൂപയ്ക്കുള്ള എസ്റ്റിമേറ്റാണ് എന്നും ആ ജോലി എന്നു തുടങ്ങാൻ കഴിയുമെന്നും വിശദമാക്കാമോ?

ഉത്തരം

(എ) ടി.എസ്. കനാലിന്റെ ഭാഗമായ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള കനാൽ ദേശീയ ജലപാത-3 ആയി പ്രഖ്യാപിച്ചിട്ടുണ്ട്. ഈ ഭാഗത്ത് വികസന പ്രവർത്തനങ്ങൾ നടന്നുവരുന്നു. ബാക്കിയുള്ള ഭാഗത്തിൽ ഉൾപ്പെട്ട കോവളം മുതൽ നടയറ വരെയുള്ള ഭാഗം പുനരുദ്ധരിക്കുന്നതിനു വേണ്ടി ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരത്തിനായി കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിനു സമർപ്പിച്ചിട്ടുണ്ട്.

(ബി) കോവളം മുതൽ നടയറ വരെയുള്ള ഭാഗം പുനരുദ്ധരിക്കുന്നതിനുവേണ്ടി 19.0 ലക്ഷം രൂപ മതിപ്പു ചെലവു വരുന്ന എസ്റ്റിമേറ്റാണ് കേന്ദ്രാനുമതിക്കായി സമർപ്പിച്ചിട്ടുള്ളത്. ദേശീയ ജലപാതയായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള ഭാഗത്ത് ഏകദേശം 30 കോടി രൂപയുടെ പ്രവർത്തനങ്ങൾ കേന്ദ്ര സർക്കാർ നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) നെടുങ്ങണ്ട മുതൽ നടയറ വരെയുള്ള ഭാഗത്തിൽപ്പെട്ട വർക്കല തുരങ്കം മുതൽ നടയറ വരെയുള്ള ഭാഗം പുനരുദ്ധരിക്കുന്നതിനു വേണ്ടി 32 ലക്ഷം രൂപ മതിപ്പു ചെലവു വരുന്ന പണിക്ക് തിരുവനന്തപുരം ഇറിഗേഷൻ വിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയർ ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. ദർഘാസ് അംഗീകരിക്കുന്ന മുറയ്ക്ക് പണി തുടങ്ങാൻ കഴിയുന്നതാണ്.

44 (2229) ബാലനെ കൊലപ്പെടുത്തിയ സംഭവം

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ കല്ലറയിൽ വ്യാപാരിയായിരുന്ന ബാലൻ എന്നയാളെ തടഞ്ഞുനിർത്തി ആക്രമിച്ചു കൊലപ്പെടുത്തിയ സംഭവം 1999-ൽ റിപ്പോർട്ടു ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ ഈ കേസ്സിലെ പ്രതികൾ ആരെല്ലാമാണ്;

(സി) അവരിൽ എക്സൈസ് വകുപ്പിൽ ജോലിയുള്ളവർ എത്ര പേരുണ്ട്; ഇവർ ആരെല്ലാം;

(ഡി) ഈ കേസ്സിലെ എല്ലാ പ്രതികളെയും അറസ്റ്റു ചെയ്തു കഴിഞ്ഞോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1. സുഗണദാസ്, 2. സുശീലൻ, 3. അബ്ദുൾ അസീസ്, 4. യൂസഫ്. 5. ഷക്കീർ, 6. തോംസൺ, 7. ഗോപിനാഥൻ നായർ, 8. ബാബു, 9. സുദർശനൻ 10. സോമൻ, 11. അനിൽകുമാർ, 12. രാജേഷ്, 13. ബാഹുലേയൻ, 14. വിജയൻ.

(സി) പത്തുപേർ.

1. സുഗണ ദാസ്, 2. സുശീലൻ, 3. അബ്ദുൾ അസീസ്, 4. യൂസഫ്, 5. ഷക്കീർ, 6. തോംസൺ, 7. ഗോപിനാഥൻ നായർ, 8. ബാബു, 9. സുദർശനൻ, 10. സോമൻ.

(ഡി) എല്ലാ പ്രതികളെയും അറസ്റ്റു ചെയ്തിട്ടില്ല.

45 (2230) പന്ന്യയൂർ ചന്ദ്രൻ കൊലക്കേസ്സ്

ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്ന്യയൂർ ചന്ദ്രൻ കൊലക്കേസ്സ് കോടതിയിൽ ചാർജ്ജ് ചെയ്തുവോ;

(ബി) എങ്കിൽ ആരെല്ലാമാണ് കേസ്സിലെ പ്രതികൾ;

(സി) അവരുടെമേൽ എന്തെല്ലാം കുറ്റങ്ങളാണ് ആരോപിച്ചിട്ടുള്ളത്;

(ഡി) ഇപ്പോൾ ഈ കേസ്സ് ഏതു ഘട്ടത്തിലാണ്;

(ഇ) ഈ കേസ്സിൽ പന്ന്യയൂർ ചന്ദ്രന്റെ അച്ഛനും ഭാര്യയും സാക്ഷികളാണോ?

406/2010.

LIBRARY ARCHIVES Kerala Legislative Assembly